കണ്ണൂർ സർവ്വകലാശാല

(ഡി ഒ എ )

ഡി ഒ എ /A3/51/2025 | തീയതി: 30.05.2025

**പ്രസിദ്ധീകരണത്തിന്**

## അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനം 2025 -26

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ (Govt./Aided/Govt. Educational Institutions/ Self Financing) ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് 2025-26 അധ്യയന വർഷത്തെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവേശനം നേടുന്നതിനായി വിദ്യാർത്ഥികൾ (General/Reservation/Community/Management/Sports quota ഉൾപ്പെടെ) സർവ്വകലാശാലയുടെ ഏകജാലക സംവിധാനം (ഓൺലൈൻ) വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന തീയതി 2025 **ജൂൺ 10** ആണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ https://admission.kannuruniversity.ac.in/ എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

കമ്മ്യൂണിറ്റി, മാനേജ്മെന്റ്, സ്പോർട്സ് എന്നീ ക്വാട്ടകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും ആവശ്യമായ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ പ്രത്യേകം അപേക്ഷിക്കേണ്ടതാണ്.

സെൽഫ് ഫൈനാൻസിങ് കോളേജുകൾ/ഗവ. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നിവിടങ്ങളിലെ ഫീസ് നിരക്ക് സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്.

വെയ്റ്റേജ്/സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

വിദ്യാർത്ഥികൾക്ക് കോളേജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ദൂരം, ഹോസ്റ്റൽ സൗകര്യം മുതലായവ) അതാത് കോളേജുകളുടെ വെബ് സൈറ്റിൽ ലഭ്യമാണ്. അത് പരിശോധിച്ചതിനുശേഷം മാത്രം കോളേജുകൾ തെരഞ്ഞെടുക്കേണ്ടതാണ്. ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെൻറ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നു വരുന്ന അലോട്ട്മെൻറിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും കോഴ്സുകളും മാത്രം മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിൻറൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിൻറൗട്ടും ഫീസടച്ചതിൻറെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 600/- രൂപയാണ്( എസ്. സി, എസ്.ടി/PWBD വിഭാഗത്തിന് 300/- രൂപ). ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും SBI epay മുഖാന്തിരം അടക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ https://admission.kannuruniversity.ac.in/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.ഡി, ചെക്ക്, മറ്റു ചലാനുകൾ തുടങ്ങിയവ സ്വീകരിക്കുന്നതല്ല.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് രണ്ടാം അലോട്ട്മെന്റിന ശേഷം അലോട്ട്മെന്റ് മെമ്മോ വെബ് സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. രണ്ടാമത്തെ അലോട്ട്മെന്റിന ശേഷം മാത്രമേ കോളേജുകളിൽ പ്രവേശനം നേടേണ്ടതുള്ളൂ. രണ്ടാമത്തെ അലോട്ട്മെന്റിന ശേഷവും ഹയർ ഓപ്ഷൻ നിലനിർത്താൻ ആഗ്രഹിക്കുന്നവർ സർവ്വകലാശാല ഫീസ് മാത്രം അടച്ച് സർട്ടിഫിക്കറ്റുകൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ സമർപ്പിച്ച് താത്ക്കാലിക പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ സംതൃപ്തരാണെങ്കിൽ ഓരോ അലോട്ട്മെന്റിന ശേഷവും ഹയർ ഓപ്ഷനുകൾ റദ്ദാക്കാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം അടുത്ത അലോട്ട്മെന്റിൽ അവ പരിഗണിക്കുന്നതും അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിർബന്ധമായും അത് സ്വീകരിക്കേണ്ടതുമാണ്. അലോട്ട്മെന്റ് ലഭിച്ചാൽ നിശ്ചിത തീയതിക്കുള്ളിൽ സർവകലാശാല ഫീസ് നിർബന്ധമായും അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം വിദ്യാർത്ഥികൾ അലോട്ട്മെന്റിൽ നിന്നും പുറത്താവുന്നതാണ്. അലോട്ട്മെന്റ് തീയതി, കോളേജുകളിൽ പ്രവേശനം എടുക്കേണ്ട തീയതി തുടങ്ങിയവ അതാതു സമയങ്ങളിൽ വെബ് സൈറ്റിലൂടെയും സർവകലാശാല പത്രക്കുറിപ്പിലൂടെയും അറിയിക്കുന്നതാണ്.

അന്വേഷണങ്ങൾ ഫോൺ മുഖാന്തിരം മാത്രം

ഹെൽപ്പ് ലൈൻ നമ്പർ : 7356948230
വെബ് സൈറ്റ് : https://admission.kannuruniversity.ac.in/
പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രം ബന്ധപ്പെടുക.

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1. പി. ആർ. ഓ.
2. വെബ് മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി )
3. ഡയറക്ടർ, ഐ. ടി. സെന്റർ
4. അന്വേഷണവിഭാഗം

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ